# 13-ാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 284** **10/06/2013-ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിലെ ക്ഷേമപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫസർ.സി.രവീന്ദ്രനാഥ്<br>ശ്രീ. വി. ശിവൻ കുട്ടി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ആർ.രാജേഷ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലകളിൽ ഇപ്പോൾ സർക്കാർ നടത്തുന്നതായി പരസ്യം ചെയ്തിട്ടുള്ള ക്ഷേമ പ്രവർത്തനങ്ങൾ എല്ലാം പൂർണ്ണ പരാജയമാകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | ക്ഷേമപ്രവർത്തനങ്ങൾ പരാജയമാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ആദിവാസി മേഖലകളിലെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ വന്ന വീഴ്ചകൾ എന്തെല്ലാമാണ്. | (ബി) | ആദിവാസിമേഖലകളിലെ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ വീഴ്ചകൾ വന്നിട്ടില്ല. |
| (സി) | 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ പട്ടിക വർഗ്ഗ ക്ഷേമത്തിനായുള്ള പദ്ധതി വിഹിതം എത്ര വീതമായിരുന്നു; അതിന്റെ എത്ര ശതമാനം വീതം യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ടു. ഇതേ കാലയളവിൽ കേന്ദ്ര വിഹിതം എത്ര കോടി രൂപ വീതമായിരുന്നു; എത്ര ശതമാനം ചെലവഴിച്ചു. | (സി) | പട്ടികവർഗ്ഗ വികസന വകുപ്പ്, ഗ്രാമ വികസന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവ മുഖേന നിർവ്വഹിക്കുന്നതിനുള്ള പട്ടിക വർഗ്ഗ ക്ഷേമത്തിനായുള്ള ബഡ്ജറ്റ് വിഹിതം 2011-12 ൽ 19264.56 ലക്ഷം രൂപയും 2012-13 ൽ 25027.46 ലക്ഷം രൂപയുമായിരുന്നു. 2011-12 ൽ 84.69% വും 2012-13 ൽ 81 % വുമായിരുന്നു ചെലവഴിച്ചിരുന്നത്. |

| | | | |
|---|---|---|---|
| | | | ഇതിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ 2011-12 ലെ ബഡ്ജറ്റ് വിഹിതമായ 15756.14 ലക്ഷം രൂപയിൽ 94.18% വും 2012-13 ലെ വിഹിതമായ 19650.76 ലക്ഷം രൂപയിൽ 99.23% വും ചെലവഴിച്ചിരുന്നു.<br>കേന്ദ്രവിഹിതമായി 2011-12 ൽ ലഭിച്ച 1674.23 ലക്ഷം രൂപയിൽ 97.86% വും 2012-13 ൽ ലഭിച്ച 2120.68 ലക്ഷം രൂപയിൽ 97.86% വും ചെലവഴിക്കുകയുണ്ടായി. |
| (ഡി) | തന്നാണ്ടിലെ ബഡ്ജറ്റ് വിഹിതം എത്ര; ഇതിനകം എത്ര ശതമാനം ചെലവഴിച്ചു; | (ഡി) | പട്ടികവർഗ്ഗ വികസന വകുപ്പിന് 31933.25 ലക്ഷം രൂപ നടപ്പു വർഷത്തെ ബഡ്ജറ്റ് വിഹിതമായി ലഭിച്ചു. അതിൽ 1.92% ചെലവഴിച്ചു. |
| (ഇ) | യഥാർത്ഥ ഗുണഭോക്താക്കൾക്ക് പദ്ധതികളുടെ ഗുണഫലം എത്തുന്നുണ്ടെന്ന് ഉറപ്പുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | ഉണ്ട്. യഥാർത്ഥ ഗുണഭോക്താക്കൾക്ക് പദ്ധതികളുടെ ഗുണഫലം എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി ജില്ലാതലം, ഡയറക്ടറേറ്റ് തലം, സർക്കാർ തലം എന്നിങ്ങനെ മോനിറ്ററിംഗ് സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ആഫീസർ